# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **10**      26.9.2011 ന് മറുപടിയ്ക്ക്

ഹോട്ടൽ ഭക്ഷണ വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ<br>,, റ്റി.വി.രാജേഷ്<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ<br>,, ആർ.സെൽവരാജ്. | ശ്രീ.റ്റി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ആഹാരങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് നിയന്ത്രിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) പ്രധാന സ്ഥലങ്ങളിലെ ചില ഹോട്ടലുകളിലെങ്കിലും ഭക്ഷണ പദാർത്ഥങ്ങൾക്ക് വർദ്ധിച്ച വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ആവശ്യമായ നിയമം ഇപ്പോൾ നിലവിലില്ല. പുതിയ നിയമം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇതിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) സംസ്ഥാനത്തെ പൊതു വിപണിയിൽ അവശ്യസാധനങ്ങൾക്ക് ഉണ്ടാകുന്ന വില വർദ്ധനവിനും വർദ്ധിച്ചുവരുന്ന ജീവിത ചെലവിന് അനുസരിച്ച് ഉണ്ടാകുന്ന വേതനവർദ്ധനയ്ക്കും വാടകവർദ്ധനയ്ക്കും അനുസൃതമായി ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങൾക്ക് സമീപ കാലത്തായി വില വർദ്ധനവ് ഉണ്ടായിരിക്കുന്നതായി കാണുന്നു. |
| (സി) ഒരേ നിലവാരത്തിലുള്ള ഹോട്ടലുകളിൽ നൽകുന്ന ഒരേതരത്തിലുള്ള ഭക്ഷണത്തിന് ഭീമമായ വില വ്യത്യാസം ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല. |

| | |
|---|---|
| (ഡി) ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ആഹാരസാധനങ്ങളുടെ വില നിലവാരം കൃത്യമായി പ്രദർശിപ്പിച്ചുവരുന്നുണ്ടെന്ന് സർക്കാരിനുറപ്പുണ്ടോ ? | (ഡി) 1977 ലെ കേരളാ ഫുഡ് സ്റ്റഫ് ഡിസ് പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ് ഉത്തരവ് പ്രകാരം ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില വിവരം പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഇപ്രകാരം വില വിവരം പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾക്കെതിരെ പ്രസ്തുത നിയമപ്രകാരം കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക്, ജില്ലാ തലത്തിൽ സിവിൽ സപ്ലൈസ് വകുപ്പ്, ആരോഗ്യം/ലീഗൽ മെട്രോളജി തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെ നിരന്തരം പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ഇപ്രകാരമുള്ള ഏതെങ്കിലും പരാതി ലഭ്യമായാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.<br><br>സെക്ഷൻ ഓഫീസർ |